# Second India-New Zealand Bilateral Cyber Dialogue

November 17, 2021

---

**രണ്ടാമത് ഇന്ത്യ -ന്യൂസീലൻഡ് ഉഭയകക്ഷി സൈബർ സംഭാഷണം**

നവംബർ 17, 2021

ഇന്ത്യ-ന്യൂസിലാൻഡ് ഉഭയകക്ഷി സൈബർ ഡയലോഗിന്റെ രണ്ടാം ഘട്ടം 2021 നവംബർ 16-17 തീയതികളിൽ വെർച്ചൽ മോഡിൽ നടന്നു. വിദേശകാര്യ മന്ത്രാലയത്തിലെ (എംഇഎ) ജോയിന്റ് സെക്രട്ടറി (സൈബർ ഡിപ്ലോമസി) ശ്രീ അതുൽ മൽഹാരി ഗോട്സർവെയാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്.

ന്യൂ സീലൻഡിന്റെ പ്രൈം മിനിസ്റ്റർ ആൻഡ് ക്യാബിനറ്റ് ഡിപ്പാർട്ട്മെന്റ് (ഡിപിഎംസി) നാഷണൽ സെക്യൂരിറ്റി പോളിസി ഡയറക്ടർ ശ്രീ. ഡാൻ ഈറ്റൺ, ഫോറിൻ അഫായേഴ്സ് ആൻഡ് ട്രേഡ് മന്ത്രാലയത്തിലെ എമർജിംഗ് സെക്യൂരിറ്റി ഇഷ്യൂസ്, ഇന്റർനാഷണൽ സെക്യൂരിറ്റി ആൻഡ് ഡിസ്ആംമെന്റ് ഡിവിഷൻ ആക്ടിംഗ് യൂണിറ്റ് മാനേജർ മിസ്. ജോർജിന സാർഗിസൻ എന്നിവർ ന്യൂസിലാൻഡ് പ്രതിനിധി സംഘത്തെ നയിച്ചു. ഇരു രാജ്യങ്ങളിലെയും വിവിധ സർക്കാർ മന്ത്രാലയങ്ങളിലെയും വകുപ്പുകളിലെയും മുതിർന്ന ഉദ്യോഗസ്ഥർ സൈബർ ഡയലോഗിൽ പങ്കെടുത്തു.

2. സൈബർ സ്പേസിൽ നിലവിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് സൈബർ ഡയലോഗ് ചർച്ച ചെയ്തു, സൈബർ വിഷയങ്ങളിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളെ കുറിച്ച് ഉഭയകക്ഷി, പ്രാദേശിക, ബഹുമുഖ വേദികളിൽ വീക്ഷണങ്ങൾ കൈമാറുകയും സൈബർ സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിനുള്ള സംരംഭങ്ങൾ പര്യവേക്ഷണം ചെയ്യുകയും ചെയ്തു.

3. ഇരു പ്രതിനിധികളും തമ്മിൽ പരസ്പര താൽപ്പര്യമുള്ള വിവിധ വിഷയങ്ങളിൽ ചർച്ച ചെയ്യുകയും സൈബർ സുരക്ഷ, സൈബർ കുറ്റകൃത്യം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ പരസ്പരം സഹകരണ പ്രവർത്തിക്കുന്നതിന് സമ്മതിക്കുകയും ചെയ്തു.

**ന്യൂ ഡെൽഹി**
**നവംബർ 17, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.